# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

**പതിനൊന്നാമത് റിപ്പോർട്ട്**

**(2025 ഒക്ടോബർ മാസം 09-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

# 2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(2024 ജനവരി 1 മുതൽ 2024 ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2025**

**പതിനഞ്ചാം കേരള നിയമസഭ**

**മേശപ്പുറത്തുവച്ച കടലാസുകൾ**

**സംബന്ധിച്ച സമിതി**

**(2023-26)**

**പതിനൊന്നാമത് റിപ്പോർട്ട്**

( 2025 ഒക്ടോബർ മാസം 09 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്**

(2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | : | | |
| മുഖവുര | : | | |
| ആമുഖം | : | | |
| റിപ്പോർട്ട് | : | | |
| അനുബന്ധം I | : | സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം | |
| അനുബന്ധം II | : | സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും | |
| അനുബന്ധം III | : | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം | |
| അനുബന്ധം IV | : | പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിന്മേൽ ലഭ്യമായ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും കാലതാമസത്തിന്മേലുള്ള വിശദീകരണം അംഗീകരിക്കുകയും ചെയ്തത് സംബന്ധിച്ച് | |
| അനുബന്ധം V | : | സഭയുടെ മേശപ്പുറത്തുവച്ച ഓർഡിനൻസുകൾ | |
| | | നിയമസഭ പാസാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച ആക്റ്റുകൾ സെക്രട്ടറി മേശപ്പുറത്ത് വച്ചത് സംബന്ധിച്ച് | |
| | | സഭയുടെ മേശപ്പുറത്ത് വച്ച കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകളെ സംബന്ധിച്ച വിവരം | |
| അനുബന്ധം VI | : | സഭയുടെ മേശപ്പുറത്ത് വച്ച വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളെ സംബന്ധിച്ച വിവരം | |
| അനുബന്ധം VII | : | പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള സമ്മേളനങ്ങളിലായി സഭയിൽ സമർപ്പിക്കപ്പെട്ട SRO കളുടെ വിശദാംശങ്ങൾ | |
| | | സഭയിൽ സമർപ്പിച്ച വിജ്ഞാപനങ്ങൾ | |
| അനുബന്ധം VIII | : | 2024-ൽ സഭ മുൻപാകെ സമർപ്പിച്ച ഭേദഗതികൾ | |
| അനുബന്ധം IX | : | സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകൾ | |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26)

### സമിതിയുടെ ഘടന

**ചെയർപേഴ്സൺ:**

ശ്രീ. പി. സി. വിഷ്ണുനാഥ്.

**അംഗങ്ങൾ:**

ശ്രീ. അബ്ദുൾ ഹമീദ് പി.

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26) യുടെ ചെയർപേഴ്സൺ ആയ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു .

ഈ റിപ്പോർട്ട് 2025 ഒക്ടോബർ 08-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

തിരുവനന്തപുരം
2025 ഒക്ടോബർ 09

**പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

# ആമുഖം

സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ , റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലോകൾ, അവയുടെ ഭേദഗതികൾ എന്നിവയും പൊതുമേഖലാ/സ്വയംഭരണാധികാര സ്ഥാപനങ്ങൾ, കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ എന്നിവയുടെ വാർഷിക / ഓഡിറ്റ് റിപ്പോർട്ടുകൾ, സർക്കാർ നിയമിക്കുന്ന അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ട് , കംപ്ട്രോളർ & ഓഡിറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് , നിയമ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ, ആക്ടുകൾ എന്നിവ സംബന്ധിച്ച കടലാസുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനും പ്രസ്തുത രേഖകൾ നിയമാനുസരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കപ്പെടുന്നുണ്ടോ , അവ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുന്ന ബന്ധപ്പെട്ട വകുപ്പു മന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസ പത്രിക സമർ പ്പിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത കാരണങ്ങൾ ന്യായീകരിക്കത്തക്കതാണോയെന്നും അല്ലാത്തപക്ഷം അതിന്മേൽ അധികവിവര റിപ്പോർട്ട് ആവശ്യപ്പെടുക എന്നിവ പരിശോധിക്കുകയുമാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ .

പ്രസ്തുത രേഖകൾ വകുപ്പുകൾ യഥാസമയം ലഭ്യമാക്കാതിരിക്കുകയോ ലഭ്യമാക്കിയവയിലെ വിശദീകരണം തൃപ്തികരമല്ലെങ്കിലോ റിപ്പോർട്ടുകൾ കുടിശിക വരുത്തുകയോ ചെയ്താൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതും അതിനനുസൃതമായി റിപ്പോർട്ട് തയ്യാറാക്കി ശിപാർശ നൽകുന്നതും നിയമസഭാ സമിതിയുടെ ചുമതലയാണ്. കൂടാതെ, ഇത് സംബന്ധിച്ച് ബഹു. സ്പീക്കർ അതത് സമയം ചുമതലപ്പെടുത്തുന്ന മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതും , സഭാംഗങ്ങൾ സമർപ്പിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ സഭ മൻപാകെ സമർപ്പിക്കുന്നതും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനും അതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം പരിശോധിക്കുന്നതിനും വേണ്ടി കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 എപ്രിൽ 28-ാം തീയതി മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി.

പതിനഞ്ചാം കേരള നിയമസഭയിലെ 9 അംഗങ്ങൾ ഉൾപ്പെടുന്ന മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-23), 2021 ജൂൺ മാസം 16-ാം തീയതിയിലെ 42-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകൃതമായി. ചെയർ മാനടക്കം 9 അംഗങ്ങളുള്ള പ്രസ്തുത സമിതിയുടെ നിയമപ്രകാരമുള്ള കാലാവധി

അവസാനിച്ചതിനെത്തുടർന്ന് നിലവിലെ സമിതി (മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26)) 2023 ഡിസംബർ 14-ാം തീയതിയിലെ 447-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകൃതമായി. പ്രസ്തുത സമിതി അംഗമായിരുന്ന

ശ്രീ .ഒ.ആർ.കേളു സംസ്ഥാന മന്ത്രി സഭയിൽ അംഗമായതിനെത്തുടർന്ന് സമിതിയിൽ സംജാതമായ ഒഴിവിലേയ്ക്ക് 2024 ജൂലൈ 8-ലെ നം. 537 ബുള്ളറ്റിൻ ഭാഗം II പ്രകാരം ശ്രീ. എം.എസ്.അരുൺ കുമാർ എം.എൽ.എ.യെ തെരഞ്ഞെടുക്കുകയുണ്ടായി. ഓരോ നിയമസഭയുടെ കാലത്തും രൂപീകൃതമായ സമിതികളുടെ ഇടപെടലുകളിലൂടെയും സമിതി റിപ്പോർട്ടുകളിലൂടെ നൽകിയ നിർദ്ദേശങ്ങളുടെയും ശിപാർശകളുടെയും ഫലമായി കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതിൽ ഗണ്യമായ പുരോഗതി ഉണ്ടാകുകയും കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലവിളംബം ഒഴിവാക്കുവാൻ വളരെയധികം സാധിക്കുകയും ചെയ്തിട്ടുണ്ട്.

2024 ജനവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിവിധ പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക / ആഡിറ്റ് റിപ്പോർട്ടുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ എന്നിവയിന്മേൽ ലഭിച്ച കാലതാമസപത്രികൾ സമിതി പരിശോധിച്ചതിന്റെ വിശദാംശവും പ്രസ്തുത കാലയളവിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി വിഭാഗം വഴി സഭയിൽ സമർപ്പിച്ച കടലാസുകളുടെയും വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## റിപ്പോർട്ട്

ജനാധിപത്യ വ്യവസ്ഥിതിയിലെ പ്രധാന ഘടകങ്ങളാണ് നിയമ നിർമ്മാണവും നിയമ നിർവ്വഹണവും നിയമസംരക്ഷണവും. നിയമനിർമ്മാണ സഭയാണ് ജനക്ഷേമത്തിനും ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ട നിയമങ്ങൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ ഭരണഘടനാനുസൃതമായി നിയമങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ അടിസ്ഥാനത്തിൽ നിയമനിർവ്വഹണം സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നിയമനിർമ്മാണ സഭകൾക്ക് യഥാസമയം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല, നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, തിരുത്തലുകൾ തുടങ്ങിയവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ, സി&എ.ജി.യുടെ റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ സർക്കാർ കത്ത് പ്രകാരം ഓഡിറ്റിന് ഏൽപിച്ചിട്ടുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ടുകൾ, കണക്കുകൾ, എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകൾ, നിയമ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ോർഡിനൻസുകൾ ആക്റ്റുകൾ എന്നിവയും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ഭരണഘടനയിലും ബന്ധപ്പെട്ട ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുണ്ട്. ജനാധിപത്യത്തിന്റെ അന്തഃസത്ത കാത്തുസൂക്ഷിക്കുന്നതിനും ജനങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതിനും അതിലൂടെ സാധിക്കുന്നു. രേഖകൾ 'നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക' എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നതു തന്നെ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അവ തുറന്നുകൊടുക്കുക എന്നതാണ്.

2) ജനാധിപത്യ പ്രക്രിയയിൽ നിയമസഭാ സാമാജികരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിച്ച് അതുവഴി ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളുടെ സംരക്ഷകരായി മാറാൻ നിയമസഭയ്ക്ക് കഴിയണമെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് ലഭിക്കുവാനുള്ള നിയമസഭാ സാമാജികരുടെ അർഹതയും അവകാശവും സാർവ്വത്രികമായി ജനാധിപത്യ വ്യവസ്ഥിതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. രേഖകൾ പരിശോധിക്കുന്നതിനും സർക്കാർ തീരുമാനങ്ങളിൽ ന്യൂനതകളോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി സഭയിൽ ഉന്നയിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഇതുവഴി സാമാജികർക്ക് കഴിയുന്നു. രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കാതിരിക്കുന്നത് അംഗങ്ങളുടെ അവകാശങ്ങളിന്മേലുള്ള കൈകടത്തലും അതിലൂടെ വിവരങ്ങൾ പൊതുജനങ്ങളിൽ നിന്നും മൂടി വയ്ക്കലുമാണ്.

3) ഗവൺമെന്റ് ഉയർന്ന നിക്ഷേപം നടത്തിയിട്ടുള്ള കോർപ്പറേഷനുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സംബന്ധിച്ച കാലിക പ്രസക്തിയുള്ള ആധികാരിക വിവരങ്ങൾ നിയമസഭയ്ക്ക് ലഭ്യമാക്കുന്നത് ഇവയുടെ വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ മുഖേനയാണ്. ഇവ സഭയിൽ സമർപ്പിക്കുന്നതിന് നിയതമായ സമയപരിധിയും നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയുടെ മുൻപാകെ വന്നാൽ മാത്രമേ അവയുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുന്ന വാർഷിക / ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കുന്നതിനും അതുവഴി സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും അവയുടെ വളർച്ചയ്ക്ക് പ്രേരകമാകുന്ന ശിപാർശകൾ സാമാജികർക്ക് ഉന്നയിക്കുന്നതിനും അവ നടപ്പിലാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ വളർച്ച ദ്രുതഗതിയിലാക്കുന്നതിനും സാധിക്കുകയുള്ളു . സമാനമായി സർക്കാരിൽ നിന്നും ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ കണക്കുകൾ കൃത്യമായി ഓഡിറ്റിംഗിന് വിധേയമാക്കി യഥാസമയം സഭയിൽ സമർപ്പിച്ചെങ്കിൽ മാത്രമേ സർക്കാർ ഫണ്ട് കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് സാമാജികർക്ക് പരിശോധിക്കുന്നതിനും തെറ്റുകൾ ചൂണ്ടിക്കാട്ടുന്നതിനും കഴിയുകയുള്ളു റിപ്പോർട്ട് സമർപ്പണത്തിൽ നാലും അഞ്ചും വർഷം കുടിശിക വരുത്തുമ്പോൾ ആ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ എന്നത് കൃത്യ സമയത്തിന് മനസ്സിലാക്കുന്നതിനോ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിനോ നഷ്ടം നികത്തി മുന്നോട്ട് പോകുന്നതിനോ കഴിയാതെ വരും. അതിനാൽ സ്ഥാപനങ്ങൾ ഏറെ തകർച്ചയിലെത്തിയതിനുശേഷം മാത്രം അധികൃതരുടെ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യം സംജാതമാവുകയും ആയത് വഴി റിപ്പോർട്ട് സമർപ്പണത്തിന്റെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുന്നതിന് സാധ്യമാകാതെയും വരുന്നു പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കേണ്ടത് സ്ഥാപനങ്ങളുടെയുംബന്ധപ്പെട്ട ഭരണവകുപ്പുകളുടെയും ചുമതലയാണ്.

4) പാർലമെന്റ്/നിയമസഭ പാസ്സാക്കുന്ന നിയമമനുസരിച്ചും ഭരണഘടന പ്രകാരവും പുറപ്പെടുവിക്കുന്ന ചട്ടം /ഉപചട്ടം, റഗുലേഷൻ, ബൈലാ തുടങ്ങിയവ മേശപ്പുറത്ത് വയ്ക്കുന്നതിന് നിർദ്ദിഷ്ട സമയപരിധി നിർണ്ണയിച്ചിരിക്കുന്നത് പ്രസ്തുത രേഖകൾ ബന്ധപ്പെട്ട ചട്ടത്തിൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരമാണോ പുറപ്പെടുവിച്ചിരിക്കുന്നതെന്ന് പരിശോധിക്കാൻ നിയമസഭാംഗങ്ങൾക്ക് അവസരം നൽകുന്നതിനായാണ്. ഒരു ചട്ടം പുറപ്പെടുവിച്ച് പ്രാവർത്തികമായി കഴിഞ്ഞതിനു ശേഷം നിയമസഭ അത് പരിശോധിക്കുന്നതുകൊണ്ട് കാര്യമായ പ്രയോജനം ഉണ്ടാവുകയില്ല. വിവരങ്ങൾ നിയമസഭയിൽ ലഭ്യമാക്കേണ്ടതാണെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ടെങ്കിലും അവ നിയമസഭയ്ക്ക് ലഭ്യമാക്കാൻ ബാധ്യസ്ഥരായ വിവിധ ഭരണ വകുപ്പുകൾ നിശ്ചിത സമയത്ത് ലഭ്യമാക്കാത്തത് നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനുള്ള വിമുഖതയായിപ്പോലും വിലയിരുത്താനിടയുണ്ട് സമിതിയുടെ ഇടപെടൽ മൂലം എസ് .ആർ.ഒ.കൾ കാലതാമസമില്ലാതെ സഭയുടെ മേശപ്പുറത്തുവയ്ക്കുവാനും അംഗങ്ങൾക്ക് അവ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുവാനും ഇപ്പോൾ അവസരം ലഭിക്കുന്നുണ്ടെന്നതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

5) നിയമസഭ മുൻപാകെ മേശപ്പുറത്തു വച്ച ചട്ടങ്ങൾ , ഉപചട്ടങ്ങൾ, ബൈലോകൾ എന്നിവയിന്മേൽ ഏതെങ്കിലുമൊരു അംഗം ചട്ടം 167 പ്രകാരം ഭേദഗതി നിർദ്ദേശിച്ച് നോട്ടീസ് നൽകുന്നപക്ഷം അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ഭേദഗതി സഭ അംഗീകരിക്കുന്നപക്ഷം അവ വിജ്ഞാപനം ചെയ്യുന്നതിനായി വകുപ്പിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടിയും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി മുഖേന നിർവ്വഹിച്ചു വരുന്നു.

6) എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ മുതലായവ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക്, നിയമസഭയുടെ മേശപ്പുറത്തു സമർപ്പിക്കാൻ ലഭ്യമാക്കുമ്പോൾ അവ ഏത് നിയമവ്യവസ്ഥ അനുസരിച്ചാണ് പുറപ്പെടുവിച്ചത് എന്നും പ്രസ്തുത ആക്ട് പ്രകാരം എത്ര ദിവസത്തേയ്ക്കാണ് വയ്ക്കേണ്ടതെന്നുമുള്ള വിശദീകരണം ഉൾക്കൊള്ളുന്ന ആമുഖ കത്ത് സഹിതം ലഭ്യമാക്കണമെന്ന് നിർദ്ദേശമുള്ളപ്പോൾ വളരെ ലാഘവത്തോടെ അനന്തരനടപടികൾക്കായി അയയ്ക്കുന്നു എന്ന് കാണിച്ച് വിജ്ഞാപനങ്ങൾ അയയ്ക്കുന്ന പ്രവണത പല വകുപ്പുകളും തുടർന്നു വരുന്നുണ്ട്. ഇത്തരം നിഷേധാത്മകമായ സമീപനം സഭയോടും സമിതിയോടുമുള്ള അനാദരവാണ്. ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ വകുപ്പ് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

7) സംസ്ഥാന സർക്കാരിൽ നിന്നും അൻപത് ലക്ഷം രൂപയോ അതിൽ കൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തക ഗ്രാന്റായോ കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തികവർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ സഭ മുമ്പാകെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളും വാർഷിക റിപ്പോർട്ട് മാത്രമേ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാറുള്ളുവെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കാറില്ലെന്നും നിരീക്ഷിച്ച സമിതി സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് വ്യക്തമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8) സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിലൂടെ വിവിധ സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയും റഗുലേഷനുകൾ, ചട്ടങ്ങൾ, ബൈലാകൾ മുതലായവയും കമ്പനികൾ/ സ്വയംഭരണാധികാര സ്ഥാപനങ്ങൾ/ബോർഡ്/കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടത് എങ്ങനെയെന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ ഭരണ വകുപ്പുകൾക്ക് നൽകിയിട്ടും വീണ്ടും മേൽപ്പറഞ്ഞ തെറ്റുകൾ ആവർത്തിക്കുന്നതിനാൽ സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുന്ന വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകളുടെ പ്രാധാന്യം, വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായുള്ള വ്യത്യാസം, ഓരോന്നിന്റെയും സൂക്ഷ്മ പരിശോധന മുതൽ സമിതിയിൽ സമർപ്പിക്കേണ്ട രീതി , ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ എന്നീ വിഷയങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഉണ്ടാകുന്ന സംശയങ്ങൾക്കും അജ്ഞതയ്ക്കും ഒരു പരിഹാരമെന്ന നിലയിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച

സമിതിയെ സംബന്ധിക്കുന്ന കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് സമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഭയിൽ രേഖകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ , റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ, ഇതുമായി ബന്ധപ്പെട്ട് അതത് കാലങ്ങളിൽ സ്പീക്കറുടെ റൂളിംഗുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കൈപ്പുസ്തകം 2023 ഏപ്രിൽ 27-ന് പ്രസിദ്ധീകരിക്കുകയും ആയത് എല്ലാ വകുപ്പുകൾക്കും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തുടർന്ന് ഭരണ വകുപ്പുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനായി രേഖകൾ ലഭ്യമാക്കുമ്പോൾ സമിതിയുടെ കൈപ്പുസ്തകത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9) 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ 10 യോഗങ്ങൾ നിയമസഭാ സമുച്ചയത്തിൽ വച്ച് ചേരുകയുണ്ടായി . ആയതിന്റെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10) വിവിധ വകുപ്പുകൾ സഭയുടെ മേശപ്പുറത്തുവച്ച 237 കാലതാമസപത്രികകൾ പരിശോധിച്ചിരുന്നു. അതിൽ തൃപ്തികരമാണെന്ന് വിലയിരുത്തിയ 230 കാലതാമസപത്രികകൾ സമിതി അംഗീകരിക്കുകയും തൃപ്തികരമല്ലാത്തതും കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തിയതുമായ കാലതാമസപത്രികകളിൽ ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയുമുണ്ടായി. അധിക വിശദീകരണം ലഭ്യമാക്കിയവയിൽ തൃപ്തികരമായവ അംഗീകരിക്കുകയും മറ്റുള്ളവയിൽ കൂടുതൽ വിശദീകരണം തേടുകയുമുണ്ടായി . വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ പ്രസ്തുത കാലതാമസപത്രികകൾ സമിതി പരിശോധിക്കുകയും ഒരു വകുപ്പിൽ നിന്നും ഒന്നിൽ കൂടുതൽ എസ് .ആർ.ഒ.കൾ ഒരേസമയം ലഭ്യമാക്കുമ്പോൾ എല്ലാ എസ്.ആർ.ഒ./വിജ്ഞാപനങ്ങൾക്കും കൂടി ഒരൊറ്റ കാലതാമസപത്രിക ലഭ്യമാക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആയതിനാൽ, ഓരോ വർഷവും കാലതാമസം ഉണ്ടാകുന്നത് ഓരോ കാരണങ്ങൾ കൊണ്ടായിരിക്കുമെന്നതിനാൽ ഓരോ വർഷത്തേയ്ക്കും കാലതാമസപത്രിക പ്രത്യേകമായി തന്നെ ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ (പി.എ.സി) വകുപ്പിന്റെ 14.11.2008-ലെ 77/2008/ധന നമ്പർ സർക്കുലർ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ എസ് .ആർ.ഒ./വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കാൻ കഴിയാതെ വന്നാൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള കാലതാമസപത്രിക, ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന നമ്പർ സർക്കുലർ പ്രകാരമുള്ള മാതൃകയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

11) കൂടാതെ, ബഹു. സ്പീക്കറുടെ റൂളിംഗ് ഉള്ളതിനാലും സമിതിയുടെ (2011-14)-ലെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയ്ക്ക് വിരുദ്ധമായതിനാലും കാലതാമസപത്രികയിൽ പൊതുവായി

പരാമർശിക്കുന്ന ജീവനക്കാരുടെ അഭാവം , ഭരണപരമായ കാലതാമസം, കോവിഡ് എന്നിങ്ങനെയുള്ള കാരണങ്ങൾ രേഖപ്പെടുത്താൻ പാടില്ലെന്നും വ്യക്തമായ കാരണം തന്നെ രേഖപ്പെടുത്തേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

12) 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ 10 യോഗങ്ങൾ ചേരുകയും നിയമസഭാ സമുച്ചയത്തിൽ വച്ച് ചേരുകയുണ്ടായി . അതിൽ, 2 തെളിവെടുപ്പ് യോഗങ്ങളും ഒരു സ്ഥല സന്ദർശന യോഗവും ചേർന്നു.

13) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിവയുടെ കുടിശ്ശിക റിപ്പോർട്ടുകൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, കാലതാമസപത്രികകൾ, സമിതി ആരാഞ്ഞ അധികവിവരം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും 10.01.2024 തീയതിയായി തെളിവെടുപ്പ് നടത്തിയിരുന്നു.

**എസ്.ആർ.ഒ. നമ്പർ 108/2014**

എസ്.ആർ.ഒ. 108/2014-ൻമേൽ ലഭിച്ച കാലതാമസപത്രിക പരിഗണിച്ച സമിതി 12.02.2014-ൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം ഏകദേശം രണ്ട് വർഷത്തിനുശേഷം 14.03.2016-ൽ ലഭ്യമാക്കുകയും കാലതാമസം സംബന്ധിച്ച വിശദീകരണമായി അച്ചടിച്ച് ലഭിക്കാൻ വൈകിയത് മൂലമാണെന്ന വകുപ്പിന്റെ മറുപടി വസ്തുതാപരമല്ലെന്ന വിലയിരുത്തിയ സമിതി വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിൻപ്രകാരം ഇതിന്മേലുള്ള അധികവിവര റിപ്പോർട്ടാവശ്യപ്പെട്ട് കത്തും നിരവധി ഓർമ്മക്കുറിപ്പുകളും വകുപ്പിലേയ്ക്ക് അയച്ചിട്ടും മറുപടി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത വിഷയം സമിതിയുടെ 10.01.2024-ലെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തുകയും തദവസരത്തിൽ, കാലതാമസ പത്രികയിൽ അച്ചടിക്കാനായി പ്രസ്സിലേയ്ക്ക് അയച്ച തീയതിയും തിരികെ ലഭിച്ച തീയതിയും രേഖപ്പെടുത്താറുണ്ടെന്നും ടി വിവരങ്ങൾ ഉൾപ്പെടുത്തുമ്പോഴാണ് കാലതാമസപത്രികയ്ക്ക് സാധുതയുണ്ടാകുന്നതെന്നും ആയത് വകുപ്പ് ലഭ്യമാക്കാത്തതിനാലാണ് അധികവിശദീകരണം ആവശ്യപ്പെടേണ്ടിവന്നതെന്നും, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒൻപത് കത്തുകൾ അയച്ചിരുന്നെങ്കിലും യാതൊരു മറുപടിയും വകുപ്പ് ലഭ്യമാക്കാത്തതിനാൽ നിയമസഭയിൽനിന്നും അയയ്ക്കുന്ന കത്തുകൾക്ക് വേണ്ട ഗൗരവം നൽകുന്നില്ലെന്നാണ് മനസ്സിലാകുന്നതെന്നും സമിതി അറിയിച്ചു . സമിതി ആരാഞ്ഞ അധിക വിവരം സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗത്തിലും പ്രസ്സിലും പരിശോധിച്ചെങ്കിലും വിജ്ഞാപനം അച്ചടിക്കാനായി പ്രസ്സിലേയ്ക്ക് കൈമാറിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമായിട്ടില്ലെന്നും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയ കാലയളവിൽ ചില ഫയലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലും ബന്ധപ്പെട്ട വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ സ്ഥലം മാറിയതിനാലുമാണ് ഈ വിഷയം ശ്രദ്ധയിൽപ്പെടാതിരുന്നതും അധികവിവരം ലഭ്യമാക്കാനാകാത്തതെന്നും ഇക്കാര്യത്തിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു . യോഗത്തിൽ പറഞ്ഞ മറുപടി രേഖാമൂലം

സമർപ്പിച്ചതിനുശേഷം ഈ ഫയലിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും വകുപ്പു സെക്രട്ടറിയുടെ അധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നിയമസഭയുമായി ബന്ധപ്പെട്ട പെൻഡിംഗ് ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു .

**എസ്.ആർ.ഒ. നമ്പർ 519/2014**

03.12.2014 ന് നിയമസഭയുടെ മേശപ്പുറത്ത് വച്ച എസ്.ആർ.ഒ.നം. 519/2014-ന്മേൽ ശ്രീ. ഉമ്മർ എം.എൽ.എ നിർദ്ദേശിച്ച് 17.12.2014 ന് സഭ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയ വിജ്ഞാപനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് കത്തും ഓർമ്മക്കുറിപ്പുകളും അർദ്ധഔദ്യോഗികകത്തുകളും അയച്ചതിനു ശേഷവും യാതൊരു മറുപടിയും ലഭ്യമാക്കാത്തതിനാൽ ടി വിഷയം 10.01.2024-ലെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, "എസ്.ആർ.ഒ. 519/2014-ന്മേലുള്ള ഭേദഗതി ഉൾപ്പെടുത്തി ചട്ടം പുറപ്പെടുവിച്ചിട്ടില്ലെന്നും പ്രസ്തുത എസ്.ആർ.ഒ സൂപ്പർസീഡ് ചെയ്തുകൊണ്ട് 96/2018-ാം നമ്പരായി പുതിയ എസ്.ആർ.ഒ പുറപ്പെടുവിക്കുകയാണുണ്ടായതെന്നും" അറിയിക്കുകയുണ്ടായി. നിലവിലുള്ള ചട്ടങ്ങൾക്ക് പകരമായി പുതിയചട്ടം നിർമ്മിക്കുവാൻ സർക്കാരിന് പൂർണ്ണ അധികാരമുണ്ടെങ്കിൽപോലും മൂലചട്ടങ്ങളിൽ സഭ അംഗീകരിച്ച ഭേദഗതികൾ അന്നുമുതൽ തന്നെ നിലവിൽ വന്നതിനാൽ അവ ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നീണ്ട നാലു വർഷത്തെ കാലതാമസം വരുത്തിയതിനുശേഷം അതിനെ സൂപ്പർസീഡ് ചെയ്തുകൊണ്ട് 2018ൽ പുതിയ ചട്ടം പുറപ്പെടുവിക്കുകയാണുണ്ടായതെന്നും സഭ നിർദ്ദേശിച്ച ഭേദഗതിക്ക് യാതൊരു പരിഗണനയും നൽകിയില്ലെന്ന് മാത്രമല്ല അത് പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് ഒരു വിശദീകരണംപോലും ലഭ്യമാക്കാതെയാണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു . അതു സംബന്ധിച്ച വിശദീകരണം ആരാഞ്ഞതിന്, “2014-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിലെയും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസിലെയും ചട്ടങ്ങളിൽ കുറച്ച്

വ്യത്യാസങ്ങളുണ്ടെന്ന് കണ്ടതിനാൽ അവ ഏകീകരിക്കുന്നതിനുവേണ്ടിയാണ് 2018-ൽ ഭേദഗതി വരുത്തിയതെന്നാണ് ഫയൽ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നതെന്നും പ്രസ്തുത വിഷയത്തിന്മേൽ ഒരുപാട് ചർച്ചകൾ നടന്നിരുന്നുവെന്നും 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ 235(എ,ബി) വകുപ്പുകളിൽ നിഷ്കർഷിക്കുംപ്രകാരം കെട്ടിടങ്ങൾക്ക് പിഴ ചുമത്തി ക്രമവത്കരിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിഗണിച്ചിരുന്നുവെന്നും ഒരു പ്രത്യേക തീയതിവരെയുള്ള ക്രമക്കേടുകൾ ക്രമവത്കരിക്കുന്ന വിഷയമായതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് ഫയലിൽനിന്നും മനസ്സിലാകുന്നതെന്നും വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് സമിതിയോട് ക്ഷമ ചോദിക്കുന്നുവെന്നും " വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

14) നിയമസഭ അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടുത്തി , പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമസഭയിൽ സമർപ്പിക്കുന്നതിനുപകരം ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ചട്ടങ്ങൾ പുതുക്കി പുറപ്പെടുവിച്ചുവെന്നതും വകുപ്പ് നൽകിയ മറുപടിയിൽ 2014 ലെ ചട്ടം 9 ലെ 9(5), 9(6), 9(7) എന്നിവയിൽ ഭേദഗതികൾ നിർദ്ദേശിച്ചത് ബഹു. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയാണെന്ന് സൂചിപ്പിച്ചിരിക്കുന്നതും ഖേദകരമാണെന്നും നിയമനിർമ്മാണസഭയുടെ നടപടിക്രമങ്ങളെക്കുറിച്ച് ധാരണയില്ലാതെയും സഭയും സമിതിയും തമ്മിലുള്ള വ്യത്യാസം പോലും മനസ്സിലാക്കാതെയുമാണ് മറുപടി നൽകിയിരിക്കുന്നതെന്നും സമിതി ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു.

15) ഭേദഗതികൾ നിർദ്ദേശിക്കാനുള്ള അധികാരം നിയമസഭയ്ക്കാണെന്ന പ്രാഥമിക അറിവുപോലും ഇല്ലാതെ വളരെ ലാഘവത്തോടുകൂടിയാണ് ഉദ്യോഗസ്ഥർ മറുപടി നൽകിയതെന്നും സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾക്ക് എന്തെങ്കിലും മറുപടി നൽകി ഫയൽ നടപടികൾ അവസാനിപ്പിക്കാമെന്ന പ്രവണതയാണ് വകുപ്പുകൾക്കുള്ളതെന്നും. വകുപ്പുസെക്രട്ടറി യോഗത്തിൽ പറഞ്ഞ കാര്യങ്ങളും ഇത്തരത്തിൽ വീഴ്ചവരുത്തിയതിനുള്ള ക്ഷമാപണവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിശദമായ റിപ്പോർട്ട് വകുപ്പ് മന്ത്രി ഒപ്പിട്ട് നൽകണമെന്നും ചെയർമാൻ നിർദ്ദേശിച്ചതിന്, അപ്രകാരം ചെയ്യാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകി.

16) വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കാതെ കുടിശിക വരുത്തിയ കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം നഗരവികസന അതോറിറ്റി , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), വിശാല കൊച്ചി വികസന അതോറിറ്റി, കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി എന്നീ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അധികാരികളിൽ നിന്നും 10.01.2024-ലെ യോഗത്തിൽ സമിതി തെളിവെടുക്കുകയും കുടിശിക റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും വകുപ്പുസെക്രട്ടറിയുടെ അധ്യക്ഷതയിൽ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് നിയമസഭയുമായി ബന്ധപ്പെട്ട പെൻഡിംഗ് ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകണമെന്നും സമിതി നിർദേശിച്ചു.

17) എന്നാൽ, ശ്രീ. എം. ഉമ്മർ, മുൻ എം.എൽ.എ. അവതരിപ്പിച്ച ഭേദഗതിയിൽ സഭ അംഗീകരിച്ച ഭേദഗതി ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ് .ആർ.ഒ. സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പുമായി നടത്തിയ 10.01.2024-ലെ തെളിവെടുപ്പ് യോഗത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകിയ പ്രകാരമുള്ള റിപ്പോർട്ട് 6 മാസം കഴിഞ്ഞിട്ടും ലഭ്യമാക്കാത്തതിനാൽ 13.08.2024 തീയതിയായി വീണ്ടും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിക്കുകയുണ്ടായി. ഇത്രയും ഗൗരവമേറിയ വിഷയത്തിൽ വീണ്ടും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, "വകുപ്പ് മന്ത്രി അധികവിവരങ്ങൾ ആവശ്യപ്പെട്ടതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായതെന്നും ഉപചട്ടങ്ങൾ ഡിലീറ്റ് ചെയ്യപ്പെട്ട വിവരം യഥാസമയം സമിതിയെ അറിയിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളത് സമ്മതിക്കുന്നുവെന്നും നിയമവശങ്ങൾകൂടി പരിശോധിച്ചതിനുശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും തുടർന്ന് ഇത്തരം കാലതാമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും" തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ

സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി ഫയലിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

18) പ്രസ്തുത യോഗത്തിൽ വനിത-ശിശുവികസന വകുപ്പിനുകീഴിലുള്ള കേരള വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് എന്നീ സ്ഥാപനങ്ങളുടെ അധികാരികളിൽ നിന്നും , സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (വി-കെയർ) എന്നീ സ്ഥാപനങ്ങളുടെ അധികാരികളിൽ നിന്നും , മത്സ്യബന്ധനവും തുറമുഖവും വകുപ്പിനുകീഴിലുള്ള കേരള ജലകൃഷി വികസന അതോറിറ്റി (അഡാക്), കേരള ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ), കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCADC), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്), കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB), കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, മലബാർ ഇന്റർനാഷണൽ പോർട്സ് & സെസ്സ് ലിമിറ്റഡ്, കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (KUFOS) എന്നീ സ്ഥാപനങ്ങളുടെ അധികാരികളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഓരോ വകുപ്പുകളുടെ കീഴിൽ വരുന്ന അതത് സ്ഥാപനങ്ങൾ പരിശോധിച്ച് ഇനിയും സമിതി മുൻപാകെ റിപ്പോർട്ട് സമർപ്പിക്കാനുണ്ടെങ്കിൽ അവ സഭയിൽ സമർപ്പിക്കുന്നതിനായി ഇത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശം നൽകി.

19) സമിതിയുടെ ആവർത്തിച്ചുള്ള നിർദേശത്തിനുശേഷവും റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത തൃശ്ശൂർ ജില്ലയിലെ കേരള കലാമണ്ഡലം, കൂടൽമാണിക്യം ദേവസ്വം എന്നീ സ്ഥാപനങ്ങളിൽ 09.12.2024-ന് സമിതി സന്ദർശനം നടത്തുകയും തെളിവെടുക്കുകയും ചെയ്തു.

## കൂടൽമാണിക്യം ദേവസ്വം ബോർഡ്

പ്രസ്തുത യോഗത്തിൽ, കൂടൽമാണിക്യം ദേവസ്വം ബോർഡിന്റെ 2011 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ മൂന്നുമാസത്തിനകം സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് 13-01-2022 -ലെ തെളിവെടുപ്പ് വേളയിൽ അന്നത്തെ റവന്യൂ (ദേവസ്വം) പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകിയിരുന്നതാണെന്നും റിപ്പോർട്ടുകൾ കൃത്യമായി ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും നിതാന്ത ജാഗ്രത ഉണ്ടാകണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദേശിച്ചിട്ടും 2011, 2012, 2013, 2018, 2019, 2020, 2023 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കുടിശ്ശികയുണ്ടായതിനെ സംബന്ധിച്ച് സമിതി വകുപ്പിനോട് ആരാഞ്ഞു. നിരവധി വർഷത്തെ റിപ്പോർട്ടുകൾ കുടിശികയാണെന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടും രേഖകൾ ലഭ്യമല്ലെന്നും പരിശോധിക്കണമെന്നുമുള്ള വകുപ്പിന്റെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇത് ശരിയായ നടപടിയല്ലെന്നും റിപ്പോർട്ടുകൾ കുടിശികയായതിനാലാണ് ബോർഡ് സന്ദർശിക്കുന്നതിന് തീരുമാനിച്ചതെന്നും സമിതി വ്യക്തമാക്കി. തദ്വസരത്തിൽ, പുതിയ ഭരണസമിതി നിലവിൽ വന്നത് 2024 മാർച്ചിലാണെന്നും സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിൽ പ്രാധാന്യം നൽകണമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ലെന്നും കുടിശിക റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് മൂന്നുമാസത്തെ സമയം അനുവദിക്കണമെന്നും കൂടൽമാണിക്യം ദേവസ്വം ബോർഡ് മാനേജിംഗ് കമ്മിറ്റി അംഗവും കേരള സംസ്ഥാന ഓഡിറ്റ് വിഭാഗമാണ് ഓഡിറ്റ് നടത്തുന്നതെന്നും ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്നുമാസത്തിനകം ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് അയച്ചുകൊടുക്കണമെന്നുണ്ടെന്നും അയത് അയച്ചുകൊടുക്കാത്തതുകൊണ്ടാണ് ഓഡിറ്റ് പരിശോധന നടക്കാത്തതെന്നും ദേവസ്വം അഡ്മിനിസ്ട്രേറ്ററും അറിയിച്ചു . ഒരു സ്ഥാപനം തുക ചെലവഴിക്കുമ്പോൾ അതിന്റെ പോരായ്മ ചൂണ്ടിക്കാണിക്കപ്പെടുന്നത് ഓഡിറ്റിംഗിലൂടെയാണെന്നും കൃത്യമായി ഓഡിറ്റിംഗ് നടത്താത്തതുകൊണ്ടാണ് സമിതിക്ക് യഥാസമയം റിപ്പോർട്ടുകൾ ലഭ്യമാകാത്തതെന്നും ഓഡിറ്റ് നടത്തിയാലേ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും ഗവൺമെന്റിന് യഥാസമയം നടപടിയെടുക്കണമെങ്കിൽ ഓരോ വർഷത്തെ കണക്കുകളും അതതുവർഷം തന്നെ ലഭ്യമാക്കണമെന്നും 2011-ലെ കണക്ക് 2024-ൽ

ലഭിച്ചാൽ ഗവൺമെന്റിന് സഹായിക്കണമെന്നുണ്ടെങ്കിൽപ്പോലും അതിന് സാധിക്കില്ലായെന്നും സമിതി വിശദീകരിച്ചു.

ദേവസ്വത്തിലെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്നും 15 ലക്ഷം രൂപ വരവും ശമ്പളത്തിനുൾപ്പെടെ 22 ലക്ഷം രൂപ ചെലവുമാണെന്നും ചെലവുകൾ ഒഴിവാക്കാൻ സാധിക്കില്ലായെന്നും ആയതിനാൽ ദേവസ്വത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള മാർഗങ്ങളാണ് ആലോചിച്ചുകൊണ്ടിരിക്കുന്നതെന്നും കൂടൽമാണിക്യം ദേവസ്വത്തിന്റെ കെട്ടിടങ്ങളെല്ലാം വളരെ പഴക്കം ചെന്നതാണ് എന്നും നടപ്പുര, ഭണ്ഡാരപുര എന്നിവ തകർന്നിരിക്കുകയാണെന്നും കെട്ടിടത്തിന്റെ മേൽഭാഗമാകെ ചിതലരിച്ചിരിക്കുകയാണെന്നും ടാർപ്പാളിൻ, ഷീറ്റ് എന്നിവ ഉപയോഗിച്ചാണ് അവ സംരക്ഷിക്കുന്നതെന്നും കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യതയാണ് കണക്കാക്കിയിട്ടുള്ളതെന്നും നിത്യച്ചെലവിനുപോലും തുക കണ്ടെത്താൻ സാധിക്കുന്നില്ലെന്നും അതിനുതന്നെ മാസം 5 ലക്ഷം രൂപയുടെ കുറവുവരുന്നുണ്ടെന്നും അടിയന്തരമായി സാമ്പത്തിക സഹായം ലഭിച്ചാൽ മാത്രമേ മേൽ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയുള്ളൂവെന്നും മറ്റ് ക്ഷേത്രങ്ങളിൽ നിന്നും വിഭിന്നമായി കൂടൽമാണിക്യം ദേവസ്വത്തിൽ ആന എഴുന്നെള്ളിപ്പിന് ഉപയോഗിക്കുന്ന നെറ്റിപ്പട്ടം സ്വർണ്ണത്തിലുള്ളതാണെന്നും ആയത് സൂക്ഷിക്കുന്നതിനും സുരക്ഷാപ്രശ്നമുണ്ടെന്നും ദേവസ്വത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടം പൊളിച്ച് പുതിയത് പണിയുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ആയത് ലഭ്യമായിട്ടില്ലായെന്നും മാനേജിംഗ് കമ്മിറ്റിയംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**<u>കേരള കലാമണ്ഡലം</u>**

സാംസ്കാരികകാര്യ വകുപ്പുമായുള്ള 25-09-2019-ലെ തെളിവെടുപ്പ് യോഗത്തിൽ ശക്തമായ താക്കീതും കർശന നിർദേശവും നൽകിയതിന് ശേഷവും 2013-14 മുതലുള്ള യാതൊരു റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ട സമിതി 12.02.2023-ൽ വീണ്ടും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത യോഗത്തിൽ 2013-14 മുതലുള്ള കുടിശിക റിപ്പോർട്ടുകൾ ഒരു മാസത്തിനകം ലഭ്യമാക്കാമെന്ന് അന്നത്തെ വകുപ്പ് സെക്രട്ടറി ഉറപ്പുനൽകുകയും ചെയ്തുവെന്നും എന്നാൽ തെളിവെടുപ്പ് യോഗം കഴിഞ്ഞ് ഏതാണ്ട് ഒരു വർഷമായിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കാത്ത സാഹചര്യത്തിലാണ് സ്ഥാപനം സന്ദർശിച്ച് തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചതെന്നും 11 വർഷത്തെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശികയായതിന്റെ കാരണം വ്യക്തമാക്കുന്നതിന് സമിതി ആവശ്യപ്പെടുകയും ചെയ്തു. ആയതിന്, 2021-22 വരെയുള്ള റിപ്പോർട്ടുകൾ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ സമിതി മുൻപാകെ ബോധിപ്പിച്ചു. എന്നാൽ, സാംസ്കാരിക കാര്യ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിച്ചുകൊണ്ട് കത്തുകൾ അയച്ചപ്പോൾ ടി റിപ്പോർട്ടുകൾ ഡയറക്ടറേറ്റിൽ

ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം വകുപ്പിനെ ബോധ്യപ്പെടുത്തിയിരുന്നെങ്കിൽ ടി സന്ദർശന യോഗം തന്നെ ഒഴിവാക്കാമായിരുന്നുവെന്നും വകുപ്പും സ്ഥാപനവും തമ്മിലുള്ള ആശയവിനിമയത്തിലുണ്ടായ പോരായ്മയാണിതെന്നും സമിതി ചൂണ്ടിക്കാട്ടി. കലാമണ്ഡലത്തിനുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ മുന്നിലെത്തിക്കണമെങ്കിൽ അതത് വർഷത്തെ കണക്കുകൾ അതതുവർഷംതന്നെ ലഭ്യമാക്കണമെന്നും സമിതി കൂട്ടിച്ചേർത്തു. കലാമണ്ഡലത്തിന്റെ ചെലവുകളും, ആസ്തികളും, പ്ലാൻ ഫണ്ടും, അധിക തുക അനുവദിക്കുന്നതു സംബന്ധിച്ചുമുള്ള ഭരണപരമായ ബുദ്ധിമുട്ടുകൾ രജിസ്ട്രാർ സമിതിയെ അറിയിച്ചു. സമിതിയുടെ അധികാര പരിധിയിൽനിന്നുകൊണ്ട് കലാമണ്ഡലം നേരിടുന്ന ഭരണപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുന്ന തരത്തിൽ ശിപാർശ നൽകാമെന്നും സമിതി അറിയിച്ചു.

20) സമിതിയുടെ 09.07.2024-ലെ യോഗത്തിൽ, സമിതി (2016-19) യുടെ 1-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതി (2016-19) യുടെ 2-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2022, 2023 വർഷങ്ങളിലെ സമിതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് എന്നിവ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകൾ 11.07.2024-ന് സഭ മുൻപാകെ ഈ കാലയളവിൽ സമർപ്പിക്കുകയും ചെയ്തു. വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

21) വിവിധ വകുപ്പുകൾ നിയമം /ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട കടലാസുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ യഥാസമയം ലഭ്യമാക്കുന്നതിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കടലാസുകൾ ലഭ്യമാക്കുന്നതിൽ ചില അവസരങ്ങളിൽ പോരായ്മകൾ ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഒഴിവാക്കുന്നതിനായി, സഭയിൽ സമർപ്പിക്കുവാനുള്ള വിജ്ഞാപനങ്ങൾ / റിപ്പോർട്ടുകൾ ലഭ്യമാക്കുമ്പോൾ സമിതി വിവിധ റിപ്പോർട്ടുകളിലൂടെയും തെളിവെടുപ്പുയോഗങ്ങളിൽ നേരിട്ടും സർക്കാർ വിവിധ സർക്കുലറുകളിലൂടെയും സമിതിയുടെ കൈപ്പുസ്തകത്തിലൂടെ നൽകിയിട്ടുള്ള നിർദേശങ്ങൾ ഭരണ വകുപ്പുകൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

22) 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ സമിതി ചേർന്ന യോഗങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയും സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ അനുബന്ധം III ആയും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിന്മേൽ ലഭ്യമായ കാലതാമസപത്രികകൾ സമിതി

പരിഗണിക്കുകയും കാലതാമസത്തിന്മേലുള്ള വിശദീകരണം അംഗീകരിക്കുകയും ചെയ്തത് സംബന്ധിച്ച് അനുബന്ധം IV ആയും പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള സമ്മേളനങ്ങളിലായി സഭയുടെ മേശപ്പുറത്ത് വെച്ച ഓർഡിനൻസുകൾ, ആക്ടുകൾ എന്നിവ സംബന്ധിച്ച് അനുബന്ധം V ആയും പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള സമ്മേളനങ്ങളിലായി സഭയുടെ മേശപ്പുറത്ത് വച്ച വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളെ സംബന്ധിച്ച വിവരം അനുബന്ധം VI ആയും പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള സമ്മേളനങ്ങളിലായി സഭയിൽ സമർപ്പിക്കപ്പെട്ട SRO / വിജ്ഞാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം VII ആയും പ്രസ്തുത കാലയളവിൽ സഭ മുൻപാകെ സമർപ്പിച്ച ഭേദഗതികൾ അനുബന്ധം VIII ആയും സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകൾ അനുബന്ധം IX ആയും ചേർത്തിരിക്കുന്നു.

23) സമിതിയുടെ റിപ്പോർട്ട് കാലയളവിലെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു. സർക്കാർ വകുപ്പുകളുമായുള്ള നിരന്തര ആശയവിനിമയത്തിലൂടെ കൂടുതൽ രേഖകൾ സമയബന്ധിതമായി നിയമസഭയിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് . വരും വർഷങ്ങളിലെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം നാമമാത്രമാക്കി മാറ്റുന്നതിനുള്ള ആത്മാർത്ഥമായ ശ്രമത്തിലാണ് മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി.

**പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**

തിരുവനന്തപുരം
**2025 ഒക്ടോബർ 09**